പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 519 — 20/11/2019 ൽ മറുപടിക്ക്

## സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം**

ശ്രീ. എൽദോ എബ്രഹാം
ശ്രീമതി. ഇ.എസ്.ബിജിമോൾ
ശ്രീ.ജി.എസ് ജയലാൽ.
ശ്രീ. ഇ.ടി ടൈസൺ മാസ്റ്റർ:

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| എ) | കന്നുകാലികൾക്ക് ജീവഹാനി സംഭവിക്കുന്നത് മൂലം കർഷകർക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കാൻ കർഷകർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന വിധത്തിൽ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കേരളത്തിലെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുവാനായി 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെ എൻ.എൽ.എം എന്ന പദ്ധതിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഗോസമൃദ്ധി 2017-18 എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി. ഈ പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതികളിൽ ഉരുവിന്റെ പ്രീമിയം നിരക്ക് 1 വർഷത്തേക്ക് മതിപ്പുവിലയുടെ 3% ആയിരുന്നു.<br>2018 -19 സാമ്പത്തിക വർഷം ഉരുവിനും, ഉരുവിന്റെ ഉടമയായ കർഷകനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ നിലവിൽ വന്നു. കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയായ ഗോസമൃദ്ധി പ്ലസ് 2018-19, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയായ എൻ.എൽ.എം പ്ലസ് 2017-18 എന്നിവയാണ് പ്രസ്തുത പദ്ധതികൾ. ഈ പദ്ധതികൾ പ്രകാരം ഉരുക്കളുടെ മരണം / ഉത്പാദന പ്രത്യുത്പാദന ക്ഷമതാനഷ്ടം എന്നിവ സംഭവിച്ചാൽ ഇൻഷ്വർ ചെയ്യുന്ന മതിപ്പുവില ക്ലെയിമായി കർഷകന് ലഭിക്കുന്നു. സബ്സിഡി നിരക്കിൽ ഇൻഷ്വർ ചെയ്യുവാനുള്ള പരമാവധി മതിപ്പുവില ₹ 50,000/- രൂപയായി നിജപ്പെടുത്തിയിരുന്നു. ഒരു വർഷത്തേക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.8%-ഉം, മൂന്ന് വർഷത്തേക്ക് 6.54%-ഉം ആയിരുന്നു പ്രീമിയം നിരക്ക്. ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50%-ഉം എസ്.സി / എസ്.ടി വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70%-ഉം സബ്സിഡിയായി നൽകുന്നു. ₹ 50,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സബ്സിഡി നൽകുന്നതാണ്. ₹ 50,000 രൂപയ്ക്ക് മുകളിൽ മതിപ്പുവിലക്ക് |

| | | | |
|---|---|---|---|
| | | | ഉരുക്കളെ ഇൻഷ്വർ ചെയ്യേണ്ടവർക്ക് അഡീഷണൽ പോളിസി എടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. 1 വർഷത്തേക്ക് 4%-വും 3 വർഷത്തേക്ക് 9%-വുമായിരുന്നു അഡീഷണൽ പോളിസി എടുക്കുവാനുള്ള പ്രീമിയം നിരക്ക്. ആയത് പൂർണ്ണമായും ഗുണഭോക്തൃ വിഹിതമായിരുന്നു.<br><br>**2019 -20** സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെയും, സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ 'ഗോസമൃദ്ധി-എൻ.എൽ.എം-**2019-20**' എന്ന പേരിലുള്ള പുതിയ പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. കേരള സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ ഗോസമൃദ്ധി **2019-20**, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ എൻ.എൽ.എം **2018-19** എന്നിവയാണ് പ്രസ്തുത പദ്ധതികൾ. സബ്സിഡി നിരക്കിൽ ഇൻഷ്വർ ചെയ്യുവാനുള്ള പരമാവധി മതിപ്പുവില **₹65,000/-** രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷത്തേക്ക് ഉരുവിന്റെ മതിപ്പുവിലയുടെ **2.15%** -ഉം , മൂന്ന് വർഷത്തേക്ക് **5.419%** -ഉം ആണ് പ്രീമിയം നിരക്ക്. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ **50%** -ഉം എസ്.സി / എസ്.ടി വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ **70%**-ഉം സർക്കാർ സബ്സിഡിയായി നൽകുന്നു. ഈ പദ്ധതികൾ പ്രകാരം ഇൻഷ്വർ ചെയ്യുന്ന ഉരുവിന് മരണം / ഉത്പാദന പ്രത്യുത്പാദന ക്ഷമതാനഷ്ടം എന്നിവ സംഭവിച്ചാൽ കർഷകന് ക്ലെയിം ലഭിക്കുന്നു. പദ്ധതിയിൽ അംഗമാകുന്ന കർഷകന് അപകടമരണമോ, പൂർണ്ണമോ/ ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി **2** ലക്ഷം രൂപ വരെ ക്ലെയിം ആയി നൽകുന്നു. പദ്ധതിയിൽ **₹65,000** രൂപ വരെ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുന്നതാണ്. **1** ലക്ഷം രൂപ വരെ മതിപ്പ് വിലയുള്ള ഉരുവിനെ ഇതേ പ്രീമിയം നിരക്കിൽ ഇൻഷ്വർ ചെയ്യാമെന്നുള്ളത് ഈ പദ്ധതിയുടെ നേട്ടമാണ്. **₹65,000** രൂപക്ക് മുകളിലുള്ള ഉരുവിന്റെ പ്രീമിയം പൂർണ്ണമായും ഗുണഭോക്താവ് വഹിക്കേണ്ടതാണ്.<br><br>2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി തികച്ചും സുതാര്യമായി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി നടപ്പിലാക്കുന്നു. ഇത് മൂലം പദ്ധതിയുടെ പ്രീമിയം ഗണ്യമായി കുറയുകയും കർഷകരുടെ ഇടയിൽ സ്വീകാര്യത വളരെയേറെ കൂട്ടുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ആരംഭിക്കുന്ന പദ്ധതിയുടെ നിർവ്വഹണം, ക്ലെയിം ലഭ്യമാക്കൽ എന്നിവ പൂർണ്ണമായും വകുപ്പിന്റെ പോർട്ടലിലൂടെ ഓൺലൈനായി നടത്തപ്പെടും. |

| | | | |
|---|---|---|---|
| ബി) | ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുമോ; വ്യക്തമാക്കുമോ; | ബി) | മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും വിവിധ കാരണത്താൽ മരണപ്പെടുന്ന പക്ഷിമൃഗാദികൾക്ക് ധനസഹായം നൽകിവരുന്നു. കൃഷി (മൃഗസംരക്ഷണ ജി) വകുപ്പിന്റെ 04/08/2014 ലെ സ.ഉ(സാധാ) നം 1374/2014/കൃഷി എന്ന ഉത്തരവിലെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ധനസഹായം നൽകിവരുന്നത്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| സി) | കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | സി) | മൃഗസംരക്ഷണ വകുപ്പ് അടിയന്തിര മൃഗചികിത്സ സേവനം പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>**<u>ചുവടെ പറയുന്ന 105 ബ്ലോക്കുകളിൽ നിലവിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്</u>**<br><br>**തിരുവനന്തപുരം-** നേമം, അതിയന്നൂർ, വെള്ളനാട്, തിരുവനന്തപുരം കോർപ്പറേഷൻ, പെരുങ്കടവിള, നെടുമങ്ങാട്, വാമനപുരം, പോത്തൻകോട്, നെയ്യാറ്റിൻകര, ചിറയിൻകീഴ്.<br><br>**കൊല്ലം-** കൊട്ടാരക്കര, ശാസ്താംകോട്ട, കൊല്ലം കോർപ്പറേഷൻ, പുനലൂർ, ഇത്തിക്കര, അഞ്ചൽ, ചടയമംഗലം, ഓച്ചിറ, വെട്ടിക്കവല.<br><br>**പത്തനംതിട്ട-** പന്തളം, കോയിപുരം, കോന്നി, റാന്നി, പറക്കോട്, മല്ലപ്പള്ളി, ഏലന്തൂർ<br><br>**ആലപ്പുഴ-** ഭരണിക്കാവ്, ആര്യാട്, ചെങ്ങന്നൂർ, അമ്പലപ്പുഴ, തൈക്കാട്ടുശ്ശേരി<br><br>**ഇടുക്കി-** കട്ടപ്പന, നെടുങ്കണ്ടം, അടിമാലി, തൊടുപുഴ, അഴുത, ഇടുക്കി, ദേവികുളം<br><br>**കോട്ടയം-** ഏറ്റുമാനൂർ, ളാലം, വാഴൂർ, മാടപ്പള്ളി, കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, പള്ളം, വൈക്കം<br><br>**എറണാകുളം-** മൂവാറ്റുപുഴ, നോർത്ത് പറവൂർ, കോതമംഗലം, അങ്കമാലി, വാഴക്കുളം, കൊച്ചി കോർപ്പറേഷൻ, കൂവപ്പടി, മുളന്തുരുത്തി<br><br>**തൃശ്ശൂർ-** ചാലക്കുടി, മാള (കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി ഉൾപ്പെടെ), പഴയന്നൂർ, അന്തിക്കാട്, തളിക്കുളം, മതിലകം, ചൊവ്വന്നൂർ, കൊടകര<br><br>**പാലക്കാട്-** ചിറ്റൂർ, ആലത്തൂർ, പാലക്കാട്, ശ്രീകൃഷ്ണപുരം, മലമ്പുഴ, പട്ടാമ്പി, അട്ടപ്പാടി, ഒറ്റപ്പാലം, മണ്ണാർക്കാട്, നെന്മാറ<br><br>**മലപ്പുറം-** കോണ്ടോട്ടി, പെരിന്തൽമണ്ണ, നിലമ്പൂർ, |

| | | | |
|---|---|---|---|
| | | | പൊന്നാനി, മലപ്പുറം, തിരൂർ,വണ്ടൂർ<br>**കോഴിക്കോട്-** പേരാമ്പ്ര, കുന്നമംഗലം, ചേളന്നൂർ, കോഴിക്കോട് **കോർപ്പറേഷൻ, പന്തലായനി, തൂണേരി, തോടന്നൂർ, കുന്നമ്മൽ**<br>**വയനാട്-** മാനന്തവാടി, സുൽത്താൻബത്തേരി, പനമരം, കൽപ്പറ്റ<br>**കണ്ണൂർ-** കൂത്തുപറമ്പ്, ഇരിട്ടി, കണ്ണൂർ, തലശ്ശേരി, പേരാവൂർ, പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, പാനൂർ<br>**കാസറഗോഡ്-** പരപ്പ, മഞ്ചേശ്വരം, കാഞ്ഞങ്ങാട്, നീലേശ്വരം, കാസർഗോഡ് |
| ഡി) | ഈ പദ്ധതി കൂടുതൽ ബ്ലോക്കുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ? | ഡി) | ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്ന പദ്ധതിനിലവിൽ 105 ബ്ലോക്കുകളിലെ മൃഗാശുപത്രികളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2020-21 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ ബാക്കിയുള്ള 47 ബ്ലോക്കുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

95 15 അടിയന്തിരം

# കേരള സർക്കാർ

## സംഗ്രഹം

മൃഗസംരക്ഷണ വകുപ്പ് - മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കൃഷി (മൃഗസംരക്ഷണം - ജി) വകുപ്പ്

സ.ഉ(സാധാ) നം. 1374/14/കൃഷി. തിരുവനന്തപുരം, തീയതി : 04/08/2014

---

പരാമർശം :- 1) റവന്യൂ (കെ) വകുപ്പിന്റെ 12/09/2012 ലെ ജി.ഒ. (എം.എസ്) 343/12/ഡിഎംഡി നമ്പർ ഉത്തരവ്

2) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 29/04/2013, 20/8/2013 എന്നീ തീയതികളിലെ ഇ 1/7142/2013 നമ്പർ കത്തുകൾ.

3) 31/01/2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം.

## ഉത്തരവ്

മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ വകയിരുത്തിയിരിക്കുന്ന തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനായി പരാമർശം (2) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശുപാർശ നൽകുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന മാനദണ്ഡം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഒ. എം. മോഹനൻ,
ഡെപ്യൂട്ടി സെക്രട്ടറി.

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.(11/11/2013-ലെ 48690/ കെ2/2013/ഡിഎംഡി നമ്പർ പ്രകാരം)
ധനകാര്യ (അഗ്രി വിംഗ്.എ) വകുപ്പ്
(17/12/2013 ലെ 101461/ അഗ്രി വിംഗ്.ബി1/2013/ ധന നമ്പർ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

97 17

## മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ Strengthening of Veterinary Services എന്ന പദ്ധതിയിൻകീഴിൽ conduct Camps Vaccination and Squads എന്നയിനത്തിൽ Contingency Fund to meet disasters/organizing calamity camps എന്നതിനായി അനുവദിച്ച തുക ചെലവഴിക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ഉള്ള മാനദണ്ഡം

1) ദുരിത ബാധിതരായ എല്ലാ കർഷകർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.
2) ഇൻഷുറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ കിട്ടിയവർക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.
3) അത്യാഹിതം ഉണ്ടായി 3 മാസത്തിനകം അപേക്ഷ നൽകിയിരിക്കണം.
4) ജില്ലാ കളക്ടറുടെ ഫണ്ട് ലഭിക്കാത്ത പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, പന്നിപ്പനി, പേവിഷബാധ, പക്ഷിപ്പനി, പി.പി.ആർ എന്നീ രോഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും വന്യമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം, അപകടം തുടങ്ങിയ അത്യാഹിതങ്ങൾ എന്നിവയ്ക്കും ഈ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കാം.

പശു, എരുമ, ആട് മുതലായ മൃഗങ്ങൾക്ക് 12.9.2012-ലെ സ.ഉ (എം.എസ്) 343/2012/DMD പ്രകാരം താഴെപ്പറയുന്ന നിരക്കിൽ ധനസഹായം അനുവദിക്കുന്നതാണ്.

**Milch Animals.**

Rs. 16,400/- Buffallo/Cow/Camel/Yak etc.

Rs. 1650/- Sheep/Goat

**Draught Animals**

Rs. 15,000/- Camel/Horse/Bullock etc.

Rs. 10,000/- Calf/Donkey/Pony/Mule

ഒരു കുടുംബത്തിന് ലഭ്യമാകുന്ന പരമാവധി ധനസഹായം ഇപ്രകാരമാണ്.

**കറവയുള്ളവ**

1 X (എരുമ/പശു) = 16,400/-

4 X (ആട്/ചെമ്മരിയാട്) = 1,650/- = 6,600/-

**കറവയില്ലാത്തവ**

1 X (എരുമ/പശു/കാള) = 15,000/-

2 X (കിടാരി) = 10,000/- = 20,000/-

യഥാർത്ഥ നഷ്ടമോ, നഷ്ടപരിഹാരത്തുകയോ ഏതാണോ കുറവ് ആ തുകയ്ക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

5) കോഴി/താറാവ് എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമല്ലാത്തതിനാൽ കോഴി/താറാവ് ഒന്നിന് 50/-രൂപ (അമ്പത് രൂപാ മാത്രം) നിരക്കിൽ ഒരു കർഷകന് പരമാവധി 50000/- രൂപ (അമ്പതിനായിരം രൂപാ മാത്രം) വരെ അനുവദിക്കാവുന്നതാണ്

6) സാമ്പത്തിക സഹായത്തിനുള്ള നിശ്ചിത അപേക്ഷ വാർഡ് മെമ്പറുടെ/ വെറ്ററിനറി ഡോക്ടറുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റ്, പോസ്റ്റുമോർട്ടം റിപ്പോർട്ട്, ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഉരുവിന്റെ ദുരന്ത സ്ഥലത്തുവെച്ചെടുത്ത് ഫോട്ടോ എന്നിവ സഹിതം സമർപ്പിക്കണം.

7) മൃഗസംരക്ഷണ വകുപ്പിൽ ജോലിചെയ്യുന്ന വെറ്ററിനറി ഡോക്ടറുടെ പോസ്റ്റുമോർട്ടം റിപ്പോർട്ട് നിർബന്ധമാണ്. പോസ്റ്റുമോർട്ടം ചെയ്യുന്ന വെറ്ററിനറി സർജന്റെ പേര്, ഔദ്യോഗിക മുദ്ര, രജിസ്റ്റർ നമ്പർ എന്നിവ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. കൂടാതെ പോസ്റ്റുമോർട്ടം നടത്തിയെങ്കിൽ റിപ്പോർട്ടിൽ മരണകാരണം വ്യക്തമാക്കിയിരിക്കണം.

8) ഇൻഷ്വറൻസ് ലഭിച്ചിട്ടില്ല എന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ സർട്ടിഫിക്കറ്റും, കളക്ടറുടെ ധനസഹായം ലഭിച്ചിട്ടില്ല എന്നതിന് റവന്യൂ അധികാരികളുടെ സാക്ഷ്യപത്രവും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ